"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡ് - എൽ.എ.സി 89/2007 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അവാർഡ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.41/2026/LSGD തീയതി, തിരുവനന്തപുരം, 05-01-2026**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 644/2008 നമ്പർ കേസിന്മേലുള്ള 11/04/2013 തീയതിയിലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന, തീയതി, 18/03/2019
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/10/2025 തീയതിയിലെ കെ16/24497/14 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 18/11/2025 തീയതിയിലെ എസ്1/909/2021/ടിഡ (2) നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ, എൽ.എ.സി.89/2007 പ്രകാരം, ഭൂമി ഏറ്റെടുത്തിരുന്നതിന്, പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരം, മുൻഉടമയായ ശ്രീ. സി.എസ്. അനിൽകുമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ച് പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 5,33,272/- രൂപ (അഞ്ച് ലക്ഷത്തി മുപ്പത്തിമൂവായിരത്തി ഇരുന്നൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നം. 2058/1-2-1 -ൽ ഉൾപ്പെട്ട 00.08 ആർ ഭൂമി ഏറ്റെടുത്തിരുന്നതിന് പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരം ശ്രീ. സി.എസ്. അനിൽകുമാർ സമർപ്പിച്ച അപേക്ഷ പരിശോധിച്ച്, ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ.644/2008 നമ്പർ കേസിന്മേലുള്ള പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ **5,33,272/-രൂപ (അഞ്ച് ലക്ഷത്തി**

**മുപ്പത്തിമൂവായിരത്തി ഇരുന്നൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം)** ശ്രീ. സി.എസ്. അനിൽകുമാറിന് '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)'എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. സി.എസ്.അനിൽകുമാർ, റ്റി.സി.40/773, ശ്രീവരാഹം, മണക്കാട് പി.ഒ., തിരുവനന്തപുരം ( ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/451/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 06-01-2026 14:35:56
സെക്ഷൻ ഓഫീസർ